REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ദേശീയ ആരോഗ്യ ദൗത്യം മുൻ തീരുമാനപ്രകാരം രണ്ട് വർഷം കൂടി തുടരാൻ കേന്ദ്രമന്ത്രിസഭായോഗം അനുമതി നൽകി.**
- **മഹാരാഷ്ട്രയിലെ ജൽഗാവിലുണ്ടായ ട്രെയിൻ അപകടത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും ദുഃഖവും വേദനയും അറിയിച്ചു.**
- **നിയമസഭയിൽ ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപ ചർച്ച ഇന്ന് സമാപിക്കും.**
- **249 കായിക താരങ്ങളെ വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിന് സംസ്ഥാന മന്ത്രിസഭായോഗത്തിന്റെ അനുമതി.**
- **ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 7 വിക്കറ്റിനു തോല്പിച്ചു.**

## വാർത്തകൾ വിശദമായി

ദേശീയ ആരോഗ്യ ദൗത്യം മുൻ തീരുമാനപ്രകാരം രണ്ട് വർഷം കൂടി തുടരാൻ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്രമന്ത്രിസഭായോഗം അനുമതി നൽകി. 2021-ൽ ദേശീയ ആരോഗ്യദൗത്യം 2026 വരെ തുടരാൻ കേന്ദ്രം തീരുമാനിച്ചിരുന്നു.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്.........

കഴിഞ്ഞ വർഷങ്ങളിൽ ആരോഗ്യമേഖലയിലെ വിവിധ രംഗങ്ങളിൽ ആരോഗ്യദൗത്യത്തിന് മികച്ച പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞതായി മന്ത്രിസഭ വിലയിരുത്തിയതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

മാതൃശിശു ആരോഗ്യ രംഗത്തും, രോഗനിർമാർജനത്തിലും ആരോഗ്യ അടിസ്ഥാന സൗകര്യ വികസനത്തിലും കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നിർണായക പുരോഗതി കൈവരിക്കാൻ ദേശീയ ആരോഗ്യ ദൗത്യത്തിന് കഴിഞ്ഞു. കോവിഡ് കാലത്ത് 220 കോടിയോളം വാക്സിൻ ഡോസുകൾ ദേശീയ തലത്തിൽ വിതരണം ചെയ്യാൻ ദൗത്യത്തിന് കഴിഞ്ഞതായും അവലോകന യോഗം വിലയിരുത്തി. മാതൃ മരണനിരക്കും ക്ഷയരോഗ വ്യാപനവും വലിയതോതിൽ കുറയ്ക്കാനും വാക്സിനേഷൻ പ്രക്രിയയിൽ മികച്ച കവറേജ് ഉറപ്പാക്കാനും ഈ കാലയളവിൽ സാധ്യമായി.

ചണത്തിന്റെ കുറഞ്ഞ താങ്ങുവില കിന്റലിന് 5650 രൂപയായി വർധിപ്പിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇപ്പോഴത്തെ താങ്ങുവിലയേക്കാൾ 315 രൂപ കൂടുതലാണിത്.

✪✪✪

മഹാരാഷ്ട്രയിലെ ജൽഗാവിൽ റെയിൽവേ ട്രാക്കിലുണ്ടായ ദാരുണമായ അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ദുഃഖവും വേദനയും അറിയിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ച പ്രധാനമന്ത്രി പരിക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്നും ആശംസിച്ചു. ദുരിതബാധിതർക്ക് എല്ലാ സഹായവും അധികൃതർ നൽകുന്നുണ്ടെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സംഭവത്തിൽ ആഭ്യന്തര മന്ത്രി അമിത്ഷായും അനുശോചനം അറിയിച്ചു.

ഇന്നലെ വൈകിട്ട് ജാൽഗാവ് ജില്ലയിലെ പച്ചോരാ താലൂക്കിൽ പുഷ്പക് എക്സ്പ്രസ്സിലെ യാത്രക്കാരെ കർണ്ണാടക എക്സ്പ്രസ്സ് ഇടിച്ചാണ് പന്ത്രണ്ട് പേർ മരിച്ചത്. പതിനാല് പേർക്ക് പരിക്കേറ്റു.

ട്രെയിനിൽ തീപിടുത്തമുണ്ടായെന്ന അഭ്യൂഹത്തെ തുടർന്ന് യാത്രക്കാർ ട്രെയിനിൽ നിന്ന് ചാടി ഇറങ്ങിയപ്പോൾ അടുത്ത ട്രാക്കിൽ വരികയായിരുന്ന കർണാടക എക്സ്പ്രസ് ഇടിച്ചായിരുന്നു അപകടം.

✪✪✪

നേതാജി സുഭാഷ്ചന്ദ്രബോസിന്റെ 128-ാം ജന്മവാർഷികദിനമായ ഇന്ന് രാജ്യം പരാക്രം ദിവസമായി ആഘോഷിക്കും.

നേതാജിയുടെ ജന്മസ്ഥലമായ ഒഡീഷയിലെ കട്ടക്കിൽ മൂന്നു ദിവസത്തെ ആഘോഷം കേന്ദ്ര സാംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്നുണ്ട്. ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. നേതാജിയുടെ സംഭാവനകളെ ആദരിക്കുന്നതിനോടൊപ്പം ഒഡീഷയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ഉയർത്തിക്കാട്ടാനും നിരവധി സാംസ്കാരിക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

✪✪✪

കാലത്തിന് മുൻപേ സഞ്ചരിച്ച കവയത്രിയയിരുന്നു സുഗതകുമാരിയെന്ന് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിങ് വിലയിരുത്തി. സുഗതകുമാരിയുടെ കവിതകൾ കാവ്യത്തിനും പ്രതീകത്തിനുമപ്പുറം പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ നൽകിയ ആഹ്വാനമായിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

ആറൻമുള വിജയാനന്ദ വിദ്യാപീഠം സ്കൂളിൽ സംഘടിപ്പിച്ച സുഗതോത്സവം നവതി സമാപന സഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

സുഗതവനമെന്ന സുഷ്മ വനം നിർമ്മിക്കുന്നതിലൂടെ പരിസ്ഥിതി സൗഹൃദ ഇടപെടലാണ് ഉണ്ടാകുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും പരിസ്ഥിതി നശീകരണത്തിന്റെയും കേരളത്തിലെ കടുത്ത ഓർമ്മപ്പെടുത്തലാണ് 2018 ലെ വിനാശകരമായ പ്രളയവും കഴിഞ്ഞ വർഷത്തെ വയനാട് ദുരന്തവുമെന്ന് അദ്ദേഹം പറഞ്ഞു.

സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ രാജ്യമാണ് മോദി ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്നും രാജ്നാഥ് സിംഗ് വ്യക്തമാക്കി.

✪✪✪

റിപ്പബ്ലിക് ദിന പരേഡിന്റെ പൂർണ ഡ്രസ് റിഹേഴ്സൽ ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടത്തും. വിജയ് ചൗക്കിൽ നിന്ന് ആരംഭിക്കുന്ന പരേഡ് റിഹേഴ്സൽ ചുവപ്പു കോട്ടയിൽ സമാപിക്കും. T-90 ടാങ്ക്, നാഗ് മിസൈൽ സംവിധാനം, പിനാക റോക്കറ്റ് സംവിധാനം എന്നിവ ഉൾപ്പെടെ രാജ്യത്തിന്റെ സൈനിക ശക്തി പരേഡിൽ പ്രദർശിപ്പിക്കും.

വിവിധ സംസ്ഥാനങ്ങളിലെ സായുധ സേനയുടെ മാർച്ചിങ് സംഘങ്ങളും നിശ്ചല ദൃശ്യങ്ങളും റിഹേഴ്സലിൽ അണിനിരക്കും.

✪✪✪

കേന്ദ്ര മന്ത്രി അമിത് ഷാ നാളെ മുംബൈയിൽ നാഷ്ണൽ അർബൻ കോ-ഓപ്പറേറ്റീവ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കോർപ്പറേറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്യും. സഹകരണമേഖലയിലെ ഒട്ടേറെ പുതിയ പദ്ധതികൾക്കും

ഇതോടൊപ്പം തുടക്കമാകും. അന്താരാഷ്ട്ര സഹകരണ വർഷത്തിന്റെ ഭാഗമായി 2025ലെ വാർഷിക പ്രവർത്തന കലണ്ടറും അമിത് ഷാ പുറത്തിറക്കും.

✪✪✪

നിയമസഭയിൽ ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപ ചർച്ച ഇന്ന് അവസാനിക്കും. രണ്ട് ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങളും മറ്റ് സഭാ നടപടികളും പൂർത്തിയാക്കി നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ഘട്ടം ഇന്ന് പൂർത്തിയാകും. നാളെ മുതൽ ഫെബ്രുവരി 6 വരെ സഭയ്ക്ക് ഇടവേളയാണ്. ഫെബ്രുവരി 7ന് സഭ വീണ്ടും ചേരുമ്പോൾ മന്ത്രി KN ബാലഗോപാൽ പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കും.

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ച് സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര വന നിയമത്തിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇന്ന് ലിന്റോ ജോസഫ് വകുപ്പുമന്ത്രി AK ശശീന്ദ്രന്റെ ശ്രദ്ധ ക്ഷണിക്കും.

മലപ്പുറം ജില്ലയിലെ വാഹനങ്ങളുടെ പെരുപ്പവും യാത്രക്കാരുടെ വർദ്ധനയും പരിഗണിച്ച് തിരൂരിൽ നിന്നും നിലമ്പൂരിലേക്ക് പുതിയ റെയിൽവേ ലൈൻ പണിയേണ്ടതിന്റെ ആവശ്യകതയിലേക്ക് കുറുക്കോളി മൊയ്തീൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയും ക്ഷണിക്കും.

✪✪✪

2015-2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമന പട്ടികയിൽ നിന്നും 249 കായിക താരങ്ങളെ വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിന് സംസ്ഥാന മന്ത്രിസഭായോഗം അനുമതി നൽകി.

കൂടുതൽ മന്ത്രിസഭാ തീരുമാനങ്ങൾ ന്യൂസ് ഡെസ്കിൽ നിന്ന്.

..........വോയ്സ്..........

കോഴിക്കോട് ഇരിങ്ങാടൻ പള്ളി, കാളാണ്ടി താഴം മനത്താനത്ത് മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ വിഷവാതകം ശ്വസിച്ച് മരണമടഞ്ഞ രണ്ടു പേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അഞ്ച് ലക്ഷം രൂപ അനുവദിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമായി.

കൊല്ലം തഴുത്തല വില്ലേജിൽ കുളത്തിൽ വീണു മരിച്ച രണ്ടു കുട്ടികളുടെ കുടുംബത്തിന് രണ്ടുലക്ഷം രൂപ നൽകാനും തീരുമാനമായി.

രാമനാട്ടുകര നഗരസഭയിൽ  മാളീരിത്താഴത്ത് രണ്ട് ഏക്കർ നാൽപ്പത് സെന്റ് സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കാൻ  ഭൂമിയുടെ സ്വാഭാവത്തിൽ മാറ്റം വരുത്താനും മന്ത്രിസഭായോഗം അനുമതി നൽകി.

കല്ലാർ,കല്ലൻ, ഇശനാട്ട് കല്ലാർ ഉൾപ്പെടെ സമുദായങ്ങളെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 29 ബി യായി ഉൾപ്പെടുത്തുന്നതിനും മന്ത്രി സഭ തീരുമാനിച്ചു.

✪✪✪

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പ്  വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ  കോഴിക്കോട്ട്  ഉദ്ഘാടനം ചെയ്യും. രാവിലെ MTയെ കുറിച്ച് പ്രത്യേക സെഷൻ സംഘടിപ്പിച്ചിട്ടുണ്ട്. 15 രാജ്യങ്ങളിലെ അഞ്ഞൂറിലധികം പ്രഭാഷകർ 26 വരെ നീളുന്ന പരിപാടിയിൽ പങ്കെടുക്കും.

നൊബേൽ ജേതാക്കളായ ഡോ. വെങ്കി രാമകൃഷ്ണനും എസ്തർ ഡഫ്ലോയും എന്നിവരും ആറ് ബുക്കർ സമ്മാന ജേതാക്കളും ഫെസ്റ്റിവലിൽ സംബന്ധിക്കുമെന്ന് സംഘാടകർ അറിയിച്ചു.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 7 വിക്കറ്റിനു തോല്പിച്ചു. കൊൽക്കൊത്ത ഈഡൻ ഗാർഡനിൽ ആദ്യം ബാറ്റു ചെയ്ത ഇംഗ്ലണ്ടിനെ 132 റൺസിന് ഇന്ത്യ പുറത്താക്കി. 133 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് തുടങ്ങിയ ഇന്ത്യ 12.5 ഓവറിൽ വിജയം കയ്യിലൊതുക്കി. 34 പന്തിൽ നിന്ന് 79 റൺസെടുത്ത അഭിഷേക് ശർമ്മയാണ് മികച്ച പ്രകടനം കാഴ്ചവച്ചത്. മലയാളി താരം സഞ്ജു സാംസൺ 26 റൺസെടുത്തു.

രണ്ടാം മത്സരം ശനിയാഴ്ച ചെന്നെ MA ചിദംബരം സ്റ്റേഡിയത്തിലാണ്.

✪✪✪

കൊലാലമ്പൂരിൽ അണ്ടർ 19 വനിതാ ക്രിക്കറ്റ് ലോകകപ്പിലെ അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. പകൽ പന്ത്രണ്ടിനാണ് മത്സരം. രണ്ടുകളി വീതം ജയിച്ച ഇരു ടീമുകളും സൂപ്പർ സിക്സിലേക്ക് മുന്നേറിയിട്ടുണ്ട്.

✪✪✪

ലഡാക്കിൽ ഖേലോ ഇന്ത്യ വിന്റർ ഗെയിംസോടെ  ഈ വർഷത്തെ ഖേലോ ഇന്ത്യ സീസണ് ഇന്ന് തുടക്കമാകും. ലഹോണിലെ നവാംങ് ദോർജെ സ്പോർട്സ് കോംപ്ലക്സിൽ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ അഞ്ച്

ദിവസത്തെ വിന്റർ ഗെയിംസ് ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി 22 വരെ 25 വരെ ജമ്മു കശ്മീരിലാണ് ഖേലോ ഇന്ത്യയുടെ രണ്ടാം ഭാഗം ആരംഭിക്കുന്നത്.

✪✪✪

ബംഗളൂരുവിൽ ISL ഫുട്ബോളിൽ ഒഡീഷ FC ബംഗളുരു FCയെ രണ്ടിനെതിരെ മൂന്നുഗോളുകൾക്ക് തോൽപ്പിച്ചു. വിജയത്തോടെ ഒഡീഷയ്ക്കു ഇരുപത്തിനാല് പോയിന്റായി. നിലവിൽ ആറാം സ്ഥാനത്താണ് ഒഡീഷ.

✪✪✪

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ ഗ്രാമീണ കേരളത്തിന്റെ മുഖച്ഛായ മാറുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. നടപ്പു വർഷം തദ്ദേശ റോഡ് വികസനത്തിന് ബജറ്റിൽ നീക്കി വെച്ച ആയിരം കോടി രൂപയിൽ 840 കോടി രൂപയുടെ ഭരണാനുമതിയാണ് വകുപ്പ് നൽകിയിരിക്കുന്നതെന്ന് അദ്ദേഹം അറിയിച്ചു. 3540 റോഡുകൾ ഇതിലൂടെ നിർമ്മിക്കും. ശേഷിക്കുന്ന 160 കോടി രൂപയുടെ റോഡുകൾക്ക് ഉടൻ ഭരണാനുമതി നൽകുമെന്നും മെയ് 31നകം എല്ലാ റോഡുകളുടേയും നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ ഈ മാസം 27ന് ആരംഭിക്കാനിരിക്കുന്ന പണിമുടക്കിൽ നിന്ന് പിന്മാറണമെന്ന് മന്ത്രി GR അനിൽ ആവർത്തിച്ച് ആവശ്യപ്പെട്ടു. റേഷൻ വ്യാപാരികളുടെ ആവശ്യങ്ങളിൽ ധനമന്ത്രിയുടെ കൂടി സമയം കണ്ടെത്തി വീണ്ടും ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാൻ നടത്തുന്ന സമരങ്ങൾക്ക് ഗവൺമെന്റ് എതിരല്ല. എന്നാൽ സാധാരക്കാരുടെ അന്നം മുടക്കുന്ന പണിമുടക്കിനെ ഗൗരവമായി കാണേണ്ടിവരുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഒരുവിഭാഗം അധ്യാപകരും ജീവനക്കാരും പണിമുടക്കിയ ഇന്നലെ തിരുവനന്തപുരം വട്ടിയൂർക്കാവ് ഗവൺമെന്റ് LP സ്കൂളിന് അനധികൃതമായി അവധി നൽകിയ ഹെഡ്മാസ്റ്ററെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സസ്പെന്റ് ചെയ്തു.

AEO സ്കൂളിലെത്തിയപ്പോൾ ഗേറ്റ് പൂട്ടിയിട്ടതായി കണ്ടെത്തിയിരുന്നു.

✪✪✪

UDF അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് ജീവനക്കാരുടെ നഷ്ടമായ ആനുകൂല്യങ്ങൾ മുഴുവൻ തിരികെ നൽകുമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. പണിമുടക്കിയ അധ്യാപകരും ജീവനക്കാരും ഇന്നലെ സെക്രട്ടറിയേറ്റിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രതിപക്ഷനേതാവ്.

✪✪✪

നിലമ്പൂർ വെറ്റിലപ്പാറ ഓടക്കയത്ത് കാട്ടാന കിണറ്റിൽ വീണു. ഓടക്കയം അട്ടറമാക്കൽ സണ്ണിയുടെ കിണറ്റിലാണ് പുലർച്ചെ കാട്ടാന വീണത്. ആനയെ കരയിൽ കയറ്റാൻ ശ്രമം തുടരുകയാണ്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*